**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **09-12-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ വില തകർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ പ്രധാന ഉല്പന്നമായ സ്വാഭാവിക റബ്ബറിന്റെ വില തകർച്ച കാർഷിക മേഖലയിലും സാമ്പത്തിക മേഖലയിലും ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം ' ഈ പദ്ധതി നടപ്പിലാക്കിയതു വഴി റബ്ബറിന് താങ്ങുവില ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനം പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും 200 ആയി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല.<br><br>റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതേയും ലഭ്യമാക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകി വരുന്നത്. പദ്ധതിയുടെ കീഴിൽ 1788.99 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | റബ്ബറിന്റെ വില തകർച്ച കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംരക്ഷണ പ്രതിരോധ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതി നുള്ള നിർദ്ദേശം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാ രിനോട് നിരവധി തവണ ആവശ്യ പ്പെട്ടിട്ടുണ്ടെങ്കിലും നടപടി ഉണ്ടായില്ല. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും 200 ആയി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥി ച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലും നടപടി ഉണ്ടായിട്ടില്ല. ചണ്ടി റബ്ബർ (Cup Lum rubber) ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യയിൽ നിലവിലുള്ള നിരോധനം തുടരണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനങ്ങളുടെ വിളകളുടെ ഉത്പാദന ചെലവ് വ്യത്യസ്തമായതിനാൽ തറവില നിശ്ചയിക്കുമ്പോൾ ഇക്കാര്യം പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് പ്രത്യേകം പ്രത്യേകം തറവില നിശ്ചയിക്കണമെന്ന് നിരന്തരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടി ട്ടുണ്ടെങ്കിലും നടപടിയുണ്ടായിട്ടില്ല.<br><br>കേന്ദ്ര സർക്കാർ പരിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശുപാർശകളിൽ കേരളത്തിനുള്ള ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.<br><br>കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്ത ണമെന്നും സ്വാഭാവിക റബ്ബർ,ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പി ക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തികളിൽ റബ്ബർ വുഡ്ഡിന്റേയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>നിലവിൽ കോമ്പൌണ്ട് റബ്ബറിന്റെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി 10% ആണ്. റബ്ബറിനൊപ്പം കാർബണും മറ്റ് രാസ വസ്തുക്കളും ചേർത്ത മിശ്രിതമായ കോമ്പൌണ്ട് റബ്ബർ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര സർക്കാർ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തിയിട്ടില്ലന്നാണ് റബ്ബർ ബോർഡ് അറിയിച്ചിട്ടുള്ളത്. |
| (സി) | റബ്ബർ ഇറക്കുമതി നിയന്ത്രണം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വിലത്തകർച്ചയിൽ നിന്ന് കർഷകരെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്ത ഒരു | (സി) | പരിശോധിക്കുന്നതാണ് . |

| | | | |
|---|---|---|---|
| | കിലോയ്ക്ക് ഇരുന്നൂറ്റിയമ്പത് രൂപ എന്ന സഹായ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | വൻതോതിൽ ഇറക്കുമതി ചെയ്യുന്ന കോമ്പൗണ്ട് റബ്ബറിന്റെ ഇറക്കുമതി ചുങ്കം പത്ത് ശതമാനത്തിൽ നിന്ന് ഉയർത്തുക, ഡബ്ല്യു.റ്റി.ഒ. കരാറിൽ വില തകർച്ച, തൊഴിൽ നഷ്ടം എന്നീ കാരണങ്ങൾ ഉയർത്തി ഇറക്കുമതി തടഞ്ഞ് കർഷകരെ സംരക്ഷിക്കാൻ സംരക്ഷണ ചുങ്കം ചുമത്താൻ അനുവദിച്ചിട്ടുള്ളതിനാൽ ആയത് ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഉന്നയിച്ചിട്ടുണ്ട് |
| (ഇ) | കർഷകർക്ക് അടിയന്തര സഹായം എന്ന നിലയിൽ നിലവിലുള്ള നൂറ്റി എഴുപത് രൂപ വിലസഹായ പദ്ധതി നടപ്പിലാക്കാൻ വേണ്ട തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതേയും ലഭ്യമാക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകി വരുന്നത്. പദ്ധതിയുടെ കീഴിൽ നാളിതുവരെ 1788.99 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ കർഷകരുടെ 2022 ഒക്ടോബർ മാസം വരെയുള്ള ബില്ലുകൾ ഉൾപ്പെടും. |

സെക്ഷൻ ഓഫീസർ